## നഗരകാര്യ ഡയറക്ടറുടെ ഉത്തരവു നടപടികൾ

**(ഹാജർ: ആർ. ഗിരിജ ഐ.എ.എസ്)**

**നഗരകാര്യ വകുപ്പ് - പ്രളയക്കെടുതി - നഗരസഭകളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് നഗരകാര്യ ഡയറക്ടറേറ്റിൽ കൺട്രോൾ റൂം തുറന്ന് പ്രവർത്തനം ആരംഭിക്കുന്നത് - ഉത്തരവു പുറപ്പെടുവിക്കുന്നു.**

**നം. ഡിസി1-37461/2017** **തിരുവനന്തപുരം, തീയതി: 16/08/2018.**

പരാമർശം:
1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2018-ന് ചേർന്ന യോഗതീരുമാനം.
2. നഗരകാര്യ ഡയറക്ടറുടെ 16/08/2018-ലെ ഡിസി1-37461/2017 നം. ഉത്തരവു നടപടികൾ.

## ഉ ത്ത ര വ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2018-ന് രാവിലെ 11.00 മണിയ്ക്ക് ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ഈ ഓഫീസിലെ 16/08/2018-ലെ ഇതേ നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശം നല്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ 24 മണിക്കൂറും 3 ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ നഗരസഭകൾ കേന്ദ്രീകരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ നഗരസഭകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നഗരകാര്യ ഡയറക്ടറേറ്റിൽ ഇന്നുമുതൽ (16/08/2018) 24 മണിക്കൂറും 3 ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചുകൊണ്ടും ആയതിന്റെ പ്രവർത്തനത്തിനായി ചുവടെ പറയുന്ന ജീവനക്കാരെ നിയോഗിച്ചുകൊണ്ടും കൺട്രോൾ റൂമിന് 0471 2318896 [illegible] നമ്പർ താത്കാലികമായി അനുവദിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

| 16-08-2018 | | |
|---|---|---|
| ഒന്നാമത്തെ ഷിഫ്റ്റ് രാവിലെ 8.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ | രണ്ടാമത്തെ ഷിഫ്റ്റ് വൈകിട്ട് 4.00 മണി മണി മുതൽ രാത്രി 12.00 മണി വരെ | മൂന്നാമത്തെ ഷിഫ്റ്റ് രാത്രി 12.00 മണിമുതൽ രാവിലെ 8.00 മണിവരെ |
| -- | 1. ശ്രീ. ജിജി ടൈറ്റസ്, റിസർച്ച് അസിസ്റ്റന്റ് <br> 2. ശ്രീ. കെ. ബാബു, സീനിയർ ക്ലർക്ക് | 1. ശ്രീ. അനുഷ്. വൈ, സീനിയർ ക്ലർക്ക് <br> 2. ശ്രീ. ബിനുരാജൻ, ക്ലർക്ക് |
| 17-08-2018 | | |
| 1. ശ്രീ. എം. അജിത് കുമാർ, ജൂനിയർ സൂപ്രണ്ട് <br> 2. ശ്രീ. ബിനാസ് റഷീദ്. എച്ച്, ക്ലർക്ക് | 1. ശ്രീ. സാബു. സി.പി, സീനിയർ ക്ലർക്ക് <br> 2. ശ്രീ. സജീവരാജ്.കെ.കെ, സീനിയർ ക്ലർക്ക് | 1. ശ്രീ. കിഷോർ കുമാർ. കെ. പി, സീനിയർ ക്ലർക്ക് <br> 2. ശ്രീ.സുരേഷ് കുമാർ. എസ്, സീനിയർ ക്ലർക്ക് |
| 18-08-2018 | | |
| 1. ശ്രീ. ബി. എസ്. സജി, ജൂനിയർ സൂപ്രണ്ട് <br> 2. ശ്രീ. വി. എ. മൻസൂർ, സീനിയർ ക്ലർക്ക് | 1. ശ്രീ. രജികുമാർ. ബി, ക്ലർക്ക് <br> 2. ശ്രീ. ഷിബു. ബി, സീനിയർ ക്ലർക്ക് | 1. ശ്രീ. അനുഷ്. വൈ, സീനിയർ ക്ലർക്ക് <br> 3. ശ്രീ. കെ. ബാബു, സീനിയർ ക്ലർക്ക് |

തുടർന്നുള്ള ദിവസങ്ങളിലും ഇതേ ജീവനക്കാർ തന്നെ അതാതു ഷിഫ്റ്റുകളിൽ ഡ്യൂട്ടി നോക്കേണ്ടതാണ്.

ഇനിയൊരു ഉത്തരവ് വരെ കൺട്രോൾ റൂമിന്റെ പ്രവർത്തനം തുടരുന്നതായിരിക്കും. കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾക്ക് നഗരകാര്യ ഡയറക്ടറേറ്റിലെ ഭരണ വിഭാഗം ജോയിന്റ് ഡയറക്ടർ ശ്രീ. ബി. കെ. ബാലരാജ്, ആരോഗ്യ വിഭാഗം ജോയിന്റ് ഡയറക്ടർ ഡോ. ഉമ്മുസെൽമ. സി (ചുങ്കത്ത്) എന്നിവർ നേതൃത്വം വഹിക്കുന്നതായിരിക്കും

(ഒപ്പ്)
നഗരകാര്യ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

ആജ്ഞാനുസരണം / അയയ്ക്കുന്നത്

സൂപ്രണ്ട്

പിഎസ്/16/08